കേരള എക്സൈസ് വകുപ്പ്.

"മാതൃഭാഷ-മലയാളം"

## മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടിക്രമം

**(ഹാജർ: എൻ അശോക് കുമാർ )**

വിഷയം : അബ്കാരി:-2023-26 വർഷത്തെ മദ്ധ്യമേഖലയിലെ വില്പന നടന്നിട്ടില്ലാത്ത/പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ള കള്ളുഷാപ്പുകളുടെ ഓൺ ലൈൻ വിൽപ്പന/പുനർവിൽപ്പന സംബന്ധിച്ച് നടപടികളുടെ സമയക്രമം ക്രമപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം: 1. 06.06.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 71/2023/നികുതി വകുപ്പ് (SRO നമ്പർ: 654/2023)

2. 04.09.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 115/2023/നികുതി വകുപ്പ് (05.09.2023 തിയതിയിലെ SRO നമ്പർ: 942/2023)

3. 15.09.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 126/2023/നികുതി വകുപ്പ്.

4. എക്സൈസ് കമ്മീഷണറുടെ 18.12.2024 തിയതിയിലെ "email" സന്ദേശം.

നമ്പർ. **JECCZ/677/2022-CZ3** തീയതി: 19-12-2024

മേൽ പരാമർശം 1, 2, 3 സർക്കാർ ഉത്തരവുകളുടെയും പരാമർശം 4 മാർഗ്ഗ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ 2024-25, 2025-26 കലയളവിലേക്ക് വില്പന നടന്നിട്ടില്ലാത്ത/പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ള കള്ളുഷാപ്പുകളുടെ വിൽപ്പന/ പുനർവിൽപ്പനയുടെ ഭാഗമായി അപേക്ഷ സ്വീകരിക്കുന്നത് മുതൽ വിജയിയെ നിർണ്ണയിക്കുന്നത് വരെയുള്ള നടപടി സമയക്രമം താഴെ പറയുന്ന പ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു.

**അപേക്ഷ സമർപ്പിക്കൽ**

"One Time Registration" നടത്തിയിട്ടുള്ളവർക്ക് എക്സൈസ് റേഞ്ച് ക്രമത്തിൽ മേൽ സൂചന ഉത്തരവുകളുടെയും, മാർഗ്ഗ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ **20.12.2024** മുതൽ **21.12.2024** തീയതി വരെ "online" മുഖേന അപേക്ഷകൾ സമർപ്പിയ്ക്കാവുന്നതാണ്. അതോടൊപ്പം റേഞ്ച്/ഗ്രൂപ്പ് കളുടെ പുതുക്കിയ നിരക്കിലുള്ള "Rental and Additional Rental" എന്നിവ "online payment" ചെയ്യേണ്ടതാണ്. നിശ്ചയിച്ച സമയ പരിധിക്കുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**സൂക്ഷ്മ പരിശോധന**

എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തങ്ങളുടെ ഡിവിഷനിൽ online മുഖേന ലഭ്യമായ എല്ലാ അപേക്ഷകളും 22.12.2024 നോ അതിനു മുമ്പോ തന്നെ ബന്ധപ്പെട്ട എക്സൈസ് ഡിവിഷനുകളിൽ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി മേൽ പരാമർശം ഉത്തരവുകളുടെയും, മാർഗ്ഗ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**വിൽപ്പന നടപടികൾ**

സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ സ്വീകാര്യമായ അപേക്ഷകൾ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അപ്രൂവ് ചെയ്ത് മദ്ധ്യ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർക്ക് online പ്ലാറ്റ്ഫോമിലൂടെ സമർപ്പിക്കേണ്ടതാണ്. 24.12.2024 തിയതിയിൽ രാവിലെ 11 AM ന ആരംഭിച്ച് ഗ്രൂപ്പ്/റേഞ്ച് അടിസ്ഥാനത്തിൽ (നോട്ടിഫിക്കേഷൻ പ്രകാരം) online മുഖേന വിൽപ്പന വിജയിയെ ജോയിൻറ് എക്സൈസ് കമ്മീഷണർ താൽക്കാലികമായി പ്രഖ്യാപിക്കുന്നതാണ്, ആയതിന്റെ സമയക്രമം/ദിവസം ചുവടെ ചേർത്ത് ക്രമീകരിച്ച് കൊണ്ടും ഉത്തരവാകുന്നു. സാങ്കേതികമായ കാരണങ്ങൾ മൂലം വിൽപ്പന നടപടികളിൽ തടസ്സം ഉണ്ടായാൽ സമയ ക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് മേൽ പരാമർശം ഉത്തരവുകളിലും, മാർഗ്ഗ നിർദേശങ്ങളിലും പറയുന്ന വിധം താൽക്കാലികമായി വിജയിയെ പ്രഖ്യാപിക്കുന്ന നടപടി Youtube (https://youtube.com/@CentralZoneExcise) (ലിങ്ക് etoddy വെബ്സൈറ്റിൽ ലഭ്യമാണ്) ൽ കൂടി വീക്ഷിക്കാവുന്നതാണ്.

**എറണാകുളം ഡിവിഷൻ**

| | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | മട്ടാഞ്ചേരി | I | 24.12.2024 |
| 2 | ഞാറയ്ക്കൽ | I | 24.12.2024 |
| 3 | ഞാറയ്ക്കൽ | III | 24.12.2024 |
| 4 | ഞാറയ്ക്കൽ | V | 24.12.2024 |
| 5 | ആലുവ | I | 24.12.2024 |
| 6 | ആലുവ | V | 24.12.2024 |
| 7 | മൂവാറ്റുപുഴ | | 24.12.2024 |

**തൃശ്ശൂർ ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | തൃശ്ശൂർ | റേഞ്ച് | 24.12.2024 |
| 2 | വാടാനപ്പിള്ളി | V | 24.12.2024 |
| 3 | കൊടുങ്ങല്ലൂർ | റേഞ്ച് | 24.12.2024 |

**പാലക്കാട് ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | |
|---|---|---|---|
| 1 | പട്ടാമ്പി | III | 24.12.2024 |
| 2 | തൃത്താല | III | 24.12.2024 |
| 3 | തൃത്താല | IX | 24.12.2024 |
| 4 | ഒറ്റപ്പാലം | IX | 24.12.2024 |
| 5 | പാലക്കാട് | IV | 24.12.2024 |
| 6 | പാലക്കാട് | IX | 24.12.2024 |

എറണാകുളം ഡിവിഷനിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ. ജിജോയ്, ടി കള്ള് ഷാപ്പ് വിൽപ്പനയുമായി ബന്ധപ്പെട്ട് ഓൺലൈൻ പ്ലാറ്റ് ഫോമിലെ നടപടികൾക്ക് ആവശ്യമായ സാങ്കേതിക സഹായം മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ ഓഫീസിലെ ഉദ്യോഗസ്ഥർക്ക് നല്കേണ്ടതാണ്.

ASHOK KUMAR N
JOINT EXCISE COMMISSIONER

Signed by
Ashok Kumar N
Date: 19-12-2024 11:20:37

ഗ്രാഹകൻ: എക്സൈസ് കമ്മീഷണർ (ഉപരിപത്രം സഹിതം)

പകർപ്പ്: ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എറണാകുളം, തൃശ്ശൂർ, പാലക്കാട്)
(ഡിവിഷനിലെ മുഴുവൻ ഓഫീസുകളിലെയും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്)
എക്സൈസ് ഇൻസ്പെക്ടർ (IT സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം)
(നടപടിക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഉത്തരവ് ഫയൽ / കരുതൽ ഫയൽ